# GAZETTE DATE : 30.07.2026
# LAST DATE : 02.09.2026

## CATEGORY NO: 104/2026

### FIRST NCA NOTIFICATION

Applications are invited online only from qualified Female candidates belonging to the following reservation community of Kerala State for Selection to the under mentioned post in Kerala Government Service. Applications must be submitted online only through the official website of the Kerala Public Service Commission (www.keralapsc.gov.in) after 'ONE TIME REGISTRATION'. Candidates who have already registered can apply through their profile. Candidates who have aadhaar card should add the same as ID proof in their profile.

| | | | |
|---|---|---|---|
| 1. | Department | : | Kerala Police |
| 2. | Name of Post | : | Woman Police Constable (Trainee) (Women Police Battalion) |
| 3. | Scale of Pay | : | ₹ 31,100-66,800/- |
| 4. | Number of vacancies | : | LC/AI – 02 (Two) |

**Note:**

(i) Differently abled candidates and male candidates are not eligible to apply for this post.

(ii) Applications submitted by candidates belonging to the community other than notified will be summarily rejected. No rejection memo will be issued to such candidates.

(iii) The recruitment to the post of Woman Police Constable will only be to the Women Police Battalion and the vacancies occurring in the district will be filled up by transferring the officers on the basis of Advice/Rank Seniority. (GO(Rt)No. 1484/2017/Home dated 05.06.2017).

(iv) The name, educational qualification and age for this post notified as per G.O (MS) 203/86/Home dtd. 11.09.1986 (SRO No. 1387/86), G.O (P) No. 139/2017/Home Dtd. 08.12.2017 (SRO No. 788/2017) and G.O(MS)No.08/2026/P&ARD dtd 27.02.2026.

(v) Candidates having 'A', 'B' & 'C' certificate of NCC will be given weightage marks at the rate of 2%, 3% and 5% respectively, vide G.O (Ms) No.112/2007/HEdn. Dated 21.08.2007.

(vi) Extra marks will be awarded to meritorious sports persons as per para 6 of the general conditions.

(vii) Student Police Cadet (SPC) Certificate holders will be given weightage marks as per G.O. (MS) No.06/2025/P&ARD dated 01.03.2025.

(viii) The above vacancies are now in existence. The Ranked List published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above community, but remain unfilled due to paucity of candidates during the currency of the Ranked List published on 21.04.2025 from the post as detailed below, whichever is earlier.

| Ranked List Number and Date of publication of Ranked List | Category No. |
|---|---|
| Ranked List No.326/2025/ERXVI dated 21.04.2025. | 584/2023 |

5. **Method of appointment** : **Direct Recruitment (Statewide)**

(From the women candidates belonging to LC/AI community only.)

6. **Age limit** : **18-33.** Candidates born between 02.01.1993 and 01.01.2008 (both dates included) only are eligible to apply for this post. (Including the relaxation as per para 2(i) in part II of the General conditions).

**Note:** (For other conditions regarding age relaxation, please see Para (2) of the General Conditions, except Para 2(i), under Part II of this notification.)

7. **Qualification:-**

**(a) Educational Qualifications:** Pass in Higher Secondary (Plus Two) Examination or its equivalent

**Note:** (i) Rule 10 (a) (ii) of Part II of the KS&SSR is applicable.

(ii) In addition to the qualification specified in the Notification, the qualification declared by Government through executive orders or standing orders, as equivalent to the prescribed educational qualification and the higher qualifications of the notified and prescribed basic qualifications shall be accepted. The Government Order regarding the equivalent qualification/higher qualification shall be produced as and when called for by the Commission.

**(b) Physical qualifications**

(i) **Height** : A minimum of 157 cm.

(ii) **Eye sight :** Must be certified to possess the visual standards specified below without glasses.

| | **Vision** | **Right Eye** | **Left Eye** |
|---|---|---|---|
| (a) | Distant Vision | 6/6 Snellen | 6/6 Snellen |
| (b) | Near Vision | 0.5 Snellen | 0.5 Snellen |

***Note:*** (i) Each eye must have full field of vision.

(ii) Colour blindness, squint or any morbid conditions of the eye or lids of either eye shall be a disqualification.

(iii) Must be free from apparent physical defects like knock-knee, flat foot, varicose veins, deformed limbs, irregular and protruding teeth, defective speech and hearing.

**(c) Physical Efficiency Test**

Must qualify in any **five** events out of **eight** events specified below of the National Physical Efficiency, (One Star Standard Test).

| Sl.No. | Events | One Star Standards |
|---|---|---|
| 1. | 100 Metres Run | 17 Seconds |
| 2. | High Jump | 1.06 metres |
| 3. | Long Jump | 3.05 metres |
| 4. | Putting the Shot (4 kg) | 4.88 metres |
| 5. | 200 Metres run | 36 seconds |
| 6. | Throwing the throw ball | 14 metres |
| 7. | Shuttle Race (25x 4 metres) | 26 seconds |
| 8. | Skipping (one minute) | 80 times |

*Note:-*

1. The Physical measurement of candidates will be taken at the time of physical efficiency test and those who do not possess the prescribed physical measurement will not be admitted for the physical efficiency test. **If accidents or injuries happen to a candidate while participating in the physical efficiency test, she will not be given another chance to participate in the test**.

2. The tentative schedule for Physical Measurement and Physical Efficiency test will be published in the official website of Kerala Public Service Commission.

Candidates should produce a medical certificate in original in the form prescribed hereunder certifying to their physical fitness and eye sight without glasses at the time of Physical Efficiency Test. Medical Certificate should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon/Junior Consultant. This Medical Certificate shall be uploaded in the profile of the candidate and the original shall be produced at the time of certificate verification.

**FORM OF MEDICAL CERTIFICATE**

I have on this day medically examined Smt/Kum.................................................... (Name & address) and found that **she has no disease or infirmity, which would render her unsuitable for Government Service. She is free from physical defects like knock-knee, flat foot, varicose veins, deformed limbs, irregular and protruding teeth and defective speech and hearing.** Her age according to her own statement is .................................. and by appearance is …......................... and her standards of vision are as follows.

**Standards of Vision**
(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................
(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)
iv) Colour Blindness ...............................
v) Squint ...............................
vi) Any morbid condition of the eyes or lids of either eye ………………………….

**Identification Marks**

1) …......................................
2) …......................................

She is physically fit for the post of Woman Police Constable (Trainee) in the Kerala Police Department.

I certify to the best of my knowledge and belief that the applicant Smt/Kum…............................................................................................................................................ .................... (Name & Address) is the person here in above described and that the attached photograph has a reasonable correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| Photo of the Candidate |
|---|

Place:

Date :

Signature

Name and Designation of the Medical Officer

*(Office Seal)*

***Note:*** Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision Normal/Average/good will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

**8. Mode of submitting applications:**

(a) Candidates must register as per 'ONE TIME REGISTRATION' with the official Website of Kerala Public Service Commission (www.keralapsc.gov.in) before applying for the post. Candidates who have already registered can apply by logging on to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Those candidates who create new profile should upload their photograph taken within six months. Name of the candidate and the date of taking photograph should be printed at the bottom portion of the photograph. The photograph once uploaded meeting all the requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. **Candidates shall take a printout of the application by clicking the link 'Applications' in their profile. All correspondences with the Commission, regarding the application should be accompanied with the printout of the application.** Candidates are responsible for the correctness of their personal information and secrecy of password. Candidates must ensure the correctness of the information on their profile before the final submission of the application. They must quote the User-ID for further communication with the Commission. Application once submitted is received as provisional and the details cannot be deleted or altered after submission. The application submitted not in accordance with the conditions stipulated in the notification will be summarily rejected in due course of processing. Documents to prove qualification, Experience, Community, age etc have to be produced as and when called for.

(b) If Written/OMR/Online Test is conducted as part of the selection, candidates shall submit a confirmation for writing the examination through their One Time registration profile. Such candidates alone can generate and download the Admission Tickets in the last 15 days before

the date of test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

(c) The examination schedule and the syllabus will be notified seperately.

9. **Last date for submission of applications: 02.09.2026** Wednesday upto 12 Midnight.

10. **Address to which applications are to be submitted- www.keralapsc.gov.in**

11. **Special Instructions to candidates :**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate / Community Certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Application which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(iii) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above. (For details regarding photo, ID card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# കാറ്റഗറി നമ്പർ : 104/2026

## ഒന്നാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള താഴെപ്പറയുന്ന സംവരണ സമുദായത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തതിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ ആയത് തിരിച്ചറിയൽ രേഖയായി ചേർക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | **കേരള പോലീസ്** |
| 2. | ഉദ്യോഗപ്പേര് | : | **വനിതാ പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) (വനിതാ പോലീസ് ബറ്റാലിയൻ)** |
| 3. | ശമ്പളം | : | **₹31,100-66,800/-** |
| 4. | ഒഴിവുകളുടെ എണ്ണം | : | **എൽ.സി/എ.ഐ - 02 (രണ്ട്)** |

**കുറിപ്പ്:**

(i) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പുരുഷന്മാരായ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതും ജില്ലകളിലുണ്ടാകുന്ന പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് ഈ ബറ്റാലിയനിൽ നിന്നും അഡ്വൈസ്/റാങ്ക് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. (സ.ഉ(സാധാ) നമ്പർ. 1484/2017/ആഭ്യന്തരം തീയതി 05.06.2017).

(iv) 11.09.1986 തീയതിയിലെ GO (MS) No. 203/86/Home (SRO No. 1387/86), G.O (P) No. 139/2017/Home (SRO No. 788/2017), 27.02.2026 തീയതിയിലെ GO (MS) No. 08/2026/P&ARD എന്നിവ പ്രകാരമാണ് ഈ തസ്തികയുടെ വകുപ്പ്, പേര്, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ വിജ്ഞാപനം ചെയ്തിരിയ്ക്കുന്നത്.

(v) എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.

(vi) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

(vii) 01.03.2025 തീയതിയിലെ G.O.(MS) No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾ വെയിറ്റേജ് മാർക്കിന് അർഹരാണ്.

(viii) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്കായി 21.04.2025 തീയതിയിൽ പ്രസിദ്ധീകരിച്ച താഴെപ്പറയുന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നത് വരെ നിലവിലിരിക്കുന്നതാണ്.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|
| Ranked List No.326/2025/ERXVI dated 21.04.2025. | 584/2023 |

| | | | |
|---|---|---|---|
| 5 | നിയമന രീതി | : | **നേരിട്ടുള്ള നിയമനം (സംസ്ഥാനാടിസ്ഥാനത്തിൽ).** (എൽ.സി/എ.ഐ സംവരണ സമുദായത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.) |
| 6 | പ്രായപരിധി | : | **18-33,** ഉദ്യോഗാർത്ഥികൾ 02.01.1993 നും 01.01.2008 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (പൊതുവ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ). |

**കുറിപ്പ്:** [ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2(i) ഒഴികെ) നോക്കുക].

7 **യോഗ്യതകൾ:-**

(എ) **വിദ്യാഭ്യാസ യോഗ്യത:** ഹയർസെക്കൻഡറി (പ്ലസ് ടു) പരീക്ഷ പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

**കുറിപ്പ്:** (i) KS & SSR Part II Rule 10(a)(ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) **ശാരീരിക യോഗ്യതകൾ**

**(I) ഉയരം** : കുറഞ്ഞത് 157 സെ.മീ ഉയരം ഉണ്ടായിരിക്കണം.

**(II)കാഴ്ചശക്തി :** താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | **കാഴ്ച** | **വലതുകണ്ണ്** | **ഇടതു കണ്ണ്** |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

(ii) വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വൈകല്യമുള്ള കൈകാലുകൾ, ക്രമരഹിതവും ഉന്തിയതുമായ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(സി) **<u>കായികക്ഷമതാ പരീക്ഷ:-</u>**

വൺ സ്റ്റാർ നിലവാരത്തിലുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന **8 (എട്ട്)** ഇനങ്ങളിൽ ഏതെങ്കിലും **5 (അഞ്ച്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺ സ്റ്റാർ നിലവാരം** |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | 1.06 മീറ്റർ |
| 3. | ലോംഗ് ജംപ് | 3.05 മീറ്റർ |
| 4. | പുട്ടിംഗ് ദ ഷോട്ട് (4 കി.ഗ്രാം ഭാരമുള്ളത്) | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബോൾ | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (25X4 മീറ്റർ) | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (1 മിനിറ്റ്) | 80 തവണ |

**കുറിപ്പ്:** 1. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി പരിശോധിക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. **കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ മറ്റൊരു അവസരം നൽകുന്നതല്ല.**

2. ഈ തസ്തികയുടെ ശാരീരിക അളവെടുപ്പ് , കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്ക്കാലിക തീയതി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ശാരീരിക ക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ് കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.

## FORM OF MEDICAL CERTIFICATE

I have on this day medically examined Smt/Kum....................................................... (Name & address) and found that **she has no disease or infirmity, which would render her unsuitable for Government Service. She is free from physical defects like knock-knee, flat foot, varicose veins, deformed limbs, irregular and protruding teeth and defective speech and hearing.** Her age according to her own statement is ............................................ and by appearance is ............................ and her standards of vision are as follows.

**Standards of Vision**

(without glasses)

| | | Right Eye | Left Eye |
|---|---|---|---|
| i) | Distant Vision | ............Snellen | .......... Snellen |
| ii) | Near Vision | ............Snellen | .......... Snellen |

iii) Field of Vision .....................

(Specify whether field of vision is full or not. Entries such as Normal,Average, Good etc are inappropriate here)

iv) Colour Blindness ................................

v) Squint ................................

vi) Any morbid condition of the eyes or lids of either eye ……………………….

Identification Mark

1) ......................................

2) ......................................

She is physically fit for the post of Woman Police Constable (Trainee) in the Kerala Police Department.

I certify to the best of my knowledge and belief that the applicant Smt/Kum…..................................................................................................................................................... (Name & Address) is the person here in above described and that the attached photograph has a reasonable correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

Photo of the candidate

Place: Signature

Date :

Name and Designation of the Medical Officer

*(Office Seal)*

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ “നോർമൽ“, “ആവറേജ് “, " ഗുഡ്" മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ (Better/Worse Stantards of Vision) ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link–ലെ '**Apply Now**'–ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **Application link click** ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച് കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്കു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(c) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

9.. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 02.09.2026** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ.

10. **അപേക്ഷ അയക്കേണ്ട വെബ്സൈറ്റ് വിലാസം : www.keralapsc.gov.in**

11. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലെയർ/ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, പിരിച്ചു വിടുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് സംബന്ധിച്ച വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ